പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1738 — 04.12.2015-ൽ മറുപടിയ്ക്ക്

## പ്രവാസി കേരളീയർക്ക് സമ്മതിദാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ടി.എൻ.പ്രതാപൻ | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും, സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകളിൽ പ്രവാസി കേരളീയർക്ക് സമ്മതിദാനം വിനിയോഗിയ്ക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കമോ; | എ) | ഉണ്ട്. 1950-ലെ ജനപ്രാധിനിത്യ ആക്റ്റിലെ (1950-ലെ 43-ാം കേന്ദ്ര ആക്റ്റ്) 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിയ്ക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യാൻ അവകാശം നല്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രവാസി ഭാരതീയർക്ക് വോട്ടർപട്ടികയിൽ പേരു ചേർത്തിട്ടുള്ള പോളിംഗ് സ്റ്റേഷനുകളിൽ നേരിട്ടു വന്ന് വോട്ടു ചെയ്യുന്നതിനുള്ള സൗകര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ ഏർപ്പെടുത്തിയിരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം; വിശദമാക്കമോ; | ബി) | ഭാരതത്തിന് പുറത്ത് താമസിയ്ക്കുന്ന ഏതൊരു ഭാരതപൗരനും അദ്ദേഹത്തിന്റെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടാതിരിയ്ക്കുകയും മറ്റൊരു രാജ്യത്തെ പൗരത്വം സ്വീകരിക്കാതിരിയ്ക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള ആളിന്റെ പേര് അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിയ്ക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യാൻ കഴിയും. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | 1950-ലെ ജനപ്രാധിനിത്യ ആക്ടിലെ 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലത്തിലേക്കുള്ള വോട്ടർ പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണെന്ന വ്യവസ്ഥകൾ ചേർത്തുകൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്ടിൽ 21 എ വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിൽ 77 എ വകുപ്പും കൂട്ടിചേർത്ത് ഭേദഗതി ചെയ്തിട്ടുണ്ട്. ആക്ടിലെ ഭേദഗതിക്കനുസൃതമായി മേൽ വിഷയം സംബന്ധിച്ച് ഉചിതമായ വ്യവസ്ഥകൾ ചേർത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്.പ്രവാസി ഭാരതീയർക്ക് ഇപ്രകാരം വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേകമായ വോട്ടർപട്ടിക തയ്യാറാക്കുകയും വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ